**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 812** **30.11.2018-ൽ മറുപടിയ്ക്ക്**

## ഗോത്ര സാരഥി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതിയുടെ നടത്തിപ്പിനായി 2018-19 വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; | എ) | വിദൂരകോളനികളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാനായി വാഹനസൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണ് "ഗോത്രസാരഥി പദ്ധതി."<br>പെരിപ്പറ്റെറ്റിക് എഡ്യുക്കേഷൻ, ട്യൂട്ടോറിയൽ ഗ്രാന്റ്, ഗോത്രസാരഥി, സാമൂഹ്യ പഠനമുറി എന്നീ പദ്ധതികൾക്കായി "പ്രൊമോഷൻ ഓഫ് എഡ്യുക്കേഷൻ എമംഗ് എസ്.ടി (പ്ലാൻ)" എന്ന ശീർഷകത്തിൽ 2018-19 വർഷം 1700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര തുക ഇതുവരെ വിനിയോഗിച്ചു; | ബി) | 2018-19 വർഷം 1700 ലക്ഷം രൂപ വകയിരുത്തിയതിൽ ഗോത്രസാരഥി പദ്ധതിയ്ക്കായി 6,76,40,000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| സി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ആകെ കുട്ടികളുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ? | സി) | 2018-19 വർഷം 376 സ്കൂളുകളിലെ 17,247 കുട്ടികൾ ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. |

**സെക്ഷൻ ഓഫീസർ**